# വിവാഹന്വേഷണം

**അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി**

വിവാഹം അങ്ങേയറ്റം ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതായ ഒരു പവിത്ര കർമ്മമാണ്. അത് ഏതെങ്കിലും ഒരു പ്രത്യേക കാരണത്തിന്റെ പേരിൽ ധൃതി പിടിച്ച് ചെയ്യേണ്ട കാര്യമല്ല. അതിനാൽ തന്നെ നല്ല വണ്ണം ആലോചിച്ച് അവധാനതാ പൂർവ്വമായിരിക്കണം വിവാഹ കാര്യങ്ങളിലേക്ക് ഇറങ്ങുന്നതും തീരുമാനമെടുക്കുന്നതും.

വിശുദ്ധ ഖുർആൻ വളരെ ഉറപ്പുള്ള ബലിഷ്ഠമായ കരാർ എന്നാണ് വിവഹത്തെ വിശേഷിപ്പിക്കുന്ന ത്:

‘‘അവർ നിങ്ങളിൽ നിന്നും കനത്ത ഒരു കരാറാണ് വാങ്ങിയിട്ടുള്ളത്.’’

ഇസ്‌ലാം വിഭാവന ചെയ്യുന്ന വിവാഹം കേവലം നൈമിഷികമായ ഐഹികജീവിതത്തിൽ മാത്രം രസിച്ച് തീർക്കാനുള്ളതല്ല. മറിച്ച് മരണാനന്തരം സ്വർഗ്ഗത്തിലും നീണ്ടു നിൽക്കേണ്ടതായ ഒരു ബന്ധ മായിരിക്കണം അത്. ഖുർആൻ പറയുന്നു:

‘‘നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷ ഭരിതരായിക്കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കുക.’’

അതുകൊണ്ട് മനസ്സറിഞ്ഞ് തൃപ്തിപ്പെട്ടു കൊണ്ട് മാത്രമായിരിക്കണം വിവാഹം നടക്കുന്നത്.

അന്വേഷണം ഇന്ന രൂപത്തിലായിരിക്കണം പ്രത്യേക നിർദ്ദേശമില്ല അത് ആണിന്റെയോ പെണ്ണി ന്റേയോ ഭാഗത്ത് നിന്ന് ആരംഭിക്കാവുന്നതാണ്.

വിശുദ്ധ ഖുർആനും ഹദീസും പരിശോധിച്ചാൽ പുരുഷൻ സ്ത്രീയുടെ രക്ഷിതാവിനോട് വിവാഹ ാലോചന നടത്തുന്നതും അനുവദനീയമാണെന്ന് കണ്ടെത്താവുന്നതാണ്:

‘‘(സ്ത്രീകളെ ഇദ്ദയുടെ ഘട്ടത്തിൽ) അവരുമായി വിവാഹാലോചന വ്യംഗമായി സൂചിപ്പിക്കുകയോ മനസ്സിൽ മറച്ചു വെക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല.’’

ഇദ്ദയുടെ കാലത്ത് നേരിട്ട് വിവാഹാലോചന നത്താൻ പാടില്ലെന്ന് പറയുമ്പോൾ ഇദ്ദ കാലമല്ലാത്ത അവസരത്തിൽ അനുവദനീയമാണെന്ന് മനസ്സിലാക്കാവുന്നതാണ്. അബൂ ത്വൽഹ (ﷺ), റുമൈസ്വ എന്ന മഹതിയെ നേരിട്ട് അന്വേഷണം നടത്തി വിവാഹം ചെയ്തത് ചരിത്രത്തിൽ കാണാവുന്ന താണ്. റുമൈസ്വ(ﷺ)യാണ് പിന്നീട് ഉമ്മു സുലൈം എന്ന പേരിൽ അറിയപ്പെടുന്ന മഹതി.

നബി(ﷺ) ഉമ്മു സൽമ (ﷺ)യെ അവരുടെ ഇദ്ദ കഴിഞ്ഞ ശേഷം നേരിട്ട് ചെന്ന് അഭിപ്രായം ചോദിച്ചായിരുന്നു വിവാഹം കഴിച്ചത്.

പുരുഷൻ സ്ത്രീയുടെ രക്ഷിതാവിനോട് വിവാഹന്വേഷണം നടത്തുന്നതിനും ഹദീസുകളിൽ തെളിവ് കാണുന്നതാണ്. താഴെ പറയുന്ന നബി വചനം ശ്രദ്ധിക്കുക:

''നിങ്ങളോട് മതബോധവും സൽസ്വഭാവമുള്ള ഒരാൾ വിവാഹാന്വേഷണം നടത്തിയാൽ നിങ്ങൾ അയാൾക്ക് വിവാഹം ചെയ്തു കൊടുക്കുക. അല്ലാത്ത പക്ഷം ഭൂമിയിൽ കുഴപ്പവും വ്യാപകമായ വിപത്തും ഉണ്ടായിരിക്കുന്നതാണ്.''

അലി (ﷺ) ഫാത്വിമ (ﷺ)യെ തനിക്ക് വിവാഹം ചെയ്തു തരുമോ എന്ന് നബി(ﷺ)യോട് നേരിട്ട് ചോദിച്ചതായി ചരിത്രങ്ങളിൽ കാണുന്നുണ്ട്.

സ്ത്രീ നേരിട്ട് വിവാഹാഭ്യാർത്ഥന നടത്തിയ സംഭവവും ഹദീസുകളിൽ കാണാവുന്നതാണ്.

''സഹ്‌ലു ബ്നു സഅദിസ്സായിദി(ﷺ) പറയുന്നു. ഒരു സ്ത്രീ നബി(ﷺ)യുടെ അടുക്കൽ വന്ന് ഇങ്ങിനെ പറഞ്ഞു: നബിയേ, ഞാൻ എന്നെ നിങ്ങൾക്ക് സമർപ്പിക്കുവാനാണ് വന്നിട്ടുള്ളത്. അന്നേരം നബി(ﷺ) അവളിലേക്ക് നോക്കുകയും സുക്ഷമമായി ദൃഷ്ടി പതിപ്പിക്കുകയും ചെയ്ത ശേഷം തന്റെ തല താഴ്ത്തിയിരുന്നു. പ്രവാചകൻ തന്റെ കാര്യത്തിൽ തീരുമാനമൊന്നും എടുക്കില്ലെന്ന് കണ്ട അവൾ (അൽപ നേരം അവിടെ) ഇരുന്നു. അന്നേരം നബി (ﷺ)യുടെ സ്വഹാബികളിൽ നിന്നും ഒരാൾ എഴുന്നേറ്റു പറഞ്ഞു. നബിയേ നിങ്ങൾക്ക് അവളെ ആവിശ്യമില്ലെങ്കിൽ അവളെ എനിക്ക് വിവാഹം ചെയ്തു തന്നാലും. അന്നേരം അദ്ദേഹം ചോദിച്ചു. നിന്റെ പക്കൽ വല്ലതുമുണ്ടോ? അയാൾ പറഞ്ഞു : ഇല്ല, അല്ലാഹുവാണെ സത്യം ഒന്നുമില്ല പ്രവാചകരെ, നബി(ﷺ) ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും ഉണ്ടോ എന്ന് പോയി നോക്കുക; എന്ന് ആവിശ്യപ്പെയുകയും, അയാൾ തിരിച്ചു വന്നു : ഒന്നുമില്ല നബിയേ ഒരു ഇരുമ്പിന്റെ മേതിരം പോലുമില്ല. എന്നാൽ എന്റെ ഈ തുണിയിതാ (സംഭവം വിശദീകരിക്കുന്ന ത്വൽഹ (ﷺ) പറയുന്നു: അയാൾക്ക് തുണി കൂടാതെ തട്ടം (തലപ്പാവ്) പോലും ഇല്ലാത്ത മനുഷ്യനായിരുന്നു) അതിന്റെ പകുതി ഞാൻ അവൾക്ക് കൊടുക്കാം. അന്നേരം നബി(ﷺ) പറഞ്ഞു: നിന്റെ തുണികൊണ്ട് എന്ത് ചെയ്യാനാണ്? നീ അത് ധരിച്ചാൽ അവൾക്ക് അതിൽ നിന്ന് ഒന്നുമുണ്ടാവുകയില്ല; അവൾ അത് ധരിച്ചാൽ നിനക്കും ഒന്നുമുണ്ടാവുകയില്ല. അങ്ങിനെ അയാൾ കുറേ സമയം അവിടെയിരുന്ന ശേഷം അയാൾ എഴുന്നേറ്റ് പോകാൻ തുനിഞ്ഞപ്പോൾ നബി (ﷺ) അയാളെ വിളിക്കാൻ കൽപ്പിച്ചു. അയാൾ വന്നു. അയാളോടു ചോദിച്ചു: നിനക്ക് ഖുർആനിൽ നിന്ന് എന്തൊക്കെ അറിയാം? എനിക്ക് ഇന്നയിന്ന സൂറത്തുകളെല്ലാം അറിയാം. നബി(ﷺ) അവ ഓതിച്ച ശേഷം പറഞ്ഞു: നിനക്ക് ഞാൻ അവളെ നിനക്ക് അറിയാവുന്ന ഖുർആൻ (അവൾക്ക് പഠിപ്പിച്ചു കൊടുക്കുക എന്നത്) മഹ്റായി കണക്കാക്കി വിവാഹം ചെയ്തു തന്നിരിക്കുന്നു. എന്ന് പറയുകയും ചെയ്തു.''

രക്ഷിതാക്കൾ തങ്ങളുടെ പെൺമക്കൾക്കോ, സഹോദരികൾക്കോ വേണ്ടി ഭർത്താവാകാൻ കൊള്ളാവുന്നവരെ കണ്ട് അന്വേഷണം നടത്തുന്നതിനും മാതൃകകൾ കാണാവുന്നതാണ്. ഉമർ (ﷺ) തന്റെ മകൾ ഹഫ്സക്ക് വേണ്ടി അബൂബക്കർ, ഉസാമാൻ (ﷺ) എന്നീ സ്വഹാബികളോട് വിവാഹാന്വേഷണം നടത്തിയത് ഹദീസുകളിൽ കാണാവുന്നതാണ്.

അപ്രകാരം തന്നെ രക്ഷിതാക്കൾ പെൺകുട്ടികളെ തിരഞ്ഞെടുത്ത് ആൺമക്കൾക്ക് ഭാര്യമാരാക്കി ക്കൊടുത്ത സംഭവങ്ങളും ഇസ്ലാമിക ചരിത്രത്തിൽ കാണാവുന്നതാണ്. ഉമർ (ﷺ) ഒരു പാൽകാരി സ്ത്രിയുടെ ജീവിച്ചിരുന്ന പെൺകുട്ടിയെ, അവൾ അല്ലാഹുവിനെ രഹസ്യമായും പരസ്യമായും ഭയ പ്പെട്ട് ജീവിക്കുന്നവളാണ് എന്ന മഹിത സ്വഭാവം പരിഗിണിച്ച് തന്റെ മകൻ ആസ്വിം(ﷺ) വിനെ കൊണ്ട് വിവാഹം കഴിപ്പിച്ചത് സ്മരണീയമാണ്.

**വിവാഹാന്വേഷണം നിഷിദ്ധമായ അവസരങ്ങൾ**

അന്വേഷണം പാടില്ലാത്ത ചില സന്ദർഭങ്ങളുണ്ട് അത് ശ്രദ്ധിച്ചു കൊണ്ടിരിക്കണം അന്വേഷണം നട ത്തുന്നത്.

**1. ഇദ്ദയുടെ അവസരത്തിൽ:**

ഭർത്താവ് മരണപ്പെട്ട സ്ത്രീകൾ ഗർഭിണിയല്ലെങ്കിൽ നാലു മാസവും പത്ത് ദിവസവും, ഗർഭിണിയാ ണെങ്കിൽ പ്രസവിക്കുന്നത് വരേയും വിവാഹന്വേഷണം പാടില്ല. അപ്രകാരം വിവാഹ മോചിതകൾ മൂന്ന് ആർത്തവ കാലഘട്ടവും ശുദ്ധി കാലവും പിന്നിടുന്നത് വരേയും ഗർഭിണിയാണെങ്കിൽ പ്രസവി ക്കുന്നത് വരേയുമാണ് ഇദ്ദയുടെ കാലം. ആർത്തവം ഉണ്ടാകുന്ന പ്രായം കഴിഞ്ഞവരോ ആർത്തവം തുടങ്ങിയിട്ടില്ലാത്തവരോ ആണെങ്കിൽ മൂന്ന് മാസമാണ് ഇദ്ദയുടെ കാലമായി കണക്കാക്കേണ്ടത്. ഇനി ലൈംഗീകബന്ധം പുലർത്തുന്നതിന് മുമ്പ് വിവാഹമോചനം നടത്തപ്പെട്ടവരാണെങ്കിൽ ഇദ്ദയുടെ ആവിശ്യമില്ല.

അല്ലാഹു പറയുന്നു:

‘‘(സ്ത്രീകളെ അവരുടെ ഇദ്ദയുടെ ഘട്ടത്തിൽ) അവരുമായി വിവാഹാലോചന വ്യംഗ്യമായി സൂചിപ്പി ക്കുകയോ മനസ്സിൽ മറച്ചുവെക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല.’’

**2. ഇഹ്റാമിലായിരിക്കുമ്പോൾ:**

ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച നിലയിലായിരിക്കെ വിവാഹാന്വേഷണം നടത്തലും വിവാഹം കഴിക്കലും കഴിപ്പിച്ചുകൊടുക്കൽ ഉൾപ്പടെ അതുമായി ബന്ധപ്പെട്ട ഒരു കാര്യവും പാടില്ലാ ത്തതാണ്.

നബി(ﷺ) പറഞ്ഞു: “ഇഹ്റാമിൽ പ്രവേശിച്ചവൻ വിവാഹം കഴിക്കുകയോ കഴിച്ചു കൊടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്യാവുന്നതല്ല.”

**3. മറ്റൊരാളുടെ അന്വേഷണത്തിനിടയിൽ:**

ഒരാൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ അയാൾ അതിൽ നിന്നും ഒഴിവാക്കുന്ന തിന് മുമ്പായി മറ്റൊരാൾ അന്വേഷണം നടത്താൻ പാടില്ല.

‘‘ഒരു വിശ്വസി മറ്റൊരു വിശ്വായിയുടെ സഹോദരനാണ്. അതിനാൽ ഒരു വിശ്വാസിക്കും തന്റെ സഹോദരന്റെ കച്ചവടത്തിൽ അന്വേഷണം നടത്തുകയോ പാടില്ല. അയാൾ അത് ഉപേക്ഷിക്കുന്നത് വരെ.”

**വിവാഹത്തിനു മുമ്പ് കാണൽ**

വിവാഹം ജീവിതകാലം മുഴുവനും മരണത്തിനു ശേഷവും നില നിൽക്കേണ്ട ബന്ധമാണ്. അതോടൊപ്പം ഏതൊരു സ്ത്രീക്കും പുരുഷനും വിവാഹത്തെക്കുറിച്ച് ഒര പാട് സ്വപ്നങ്ങളും സങ്കൽപ്പങ്ങളുമുണ്ടായിരിക്കും. അതു കൊണ്ട് തന്നെ വിവാഹത്തിന് മുമ്പായി പരസ്പരം കാണുകയും തൃപ്തിപ്പെടുത്തുകയും ചെയ്യൽ വിവാഹത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

താഴെ പറയുന്ന ഹദീസുകളിലൂടെ ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നതാണ്:

''ഒരാളുടെ മനസ്സിൽ ഒരു സ്ത്രീയുമായുള്ള അന്വേഷണം അല്ലാഹു ഇട്ടുകൊടുത്താൽ അവൻ അവളെ കാണുന്നതിൽ തെറ്റില്ല.''

പ്രമുഖ സ്വഹാബികളായ മുഗീറത്തു ബ്നു ശുഅ്ബ(ﷺ) : ഒരു സ്ത്രിയെ വിവാഹാന്വേഷണം നടത്തിയാതായി ഇപ്രകാരം പറഞ്ഞു:

''നീ അവളെ പോയി കാണുക. അതാണ് നിങ്ങൾക്കിടയിൽ ഇണക്കം സുദൃഢമാകാൻ ഏറ്റവും നല്ലത്.''

കാണൽ വേണമെങ്കിൽ സ്ത്രീ അറിയാതെയാവുന്നതും അനുവദനീയമാണ്.

''നിങ്ങളിൽ ആരെങ്കിലും ഒരു സ്ത്രീയെ വിവാഹാന്വേഷണം നടത്തുകയാണെങ്കിൽ അവളിലേക്ക് നോക്കൽ കുറ്റമില്ല അത് അവൾ അറിയാതെയായിരുന്നാലും.''

**നിഷിദ്ധമായ പെണ്ണുകാണൽ**

ഇസ്‌ലാം വിവാഹാവിശ്യാർത്ഥം മാത്രം അനുവദിച്ച അന്യ സ്ത്രീയെ കാണുവാനുള്ള അനുവാദം വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന പുരുഷന് മാത്രമാണ്. അത് തന്നെ നിങ്ങൾക്ക് കുറ്റമില്ല, കാണുന്നതിന് വിരോധമില്ല എന്നിങ്ങനെയുള്ള പദങ്ങളിലൂടെയാണ് നബി(ﷺ) പറഞ്ഞിട്ടുള്ളത്. എന്നാൽ ഇന്ന് നടക്കുന്ന പെണ്ണുകാണൽ അത് വലിയ ചടങ്ങാക്കുകയും പെൺ വീട്ടുകാർ ഒരു പാട് ആളുകളെ വിളിച്ചു കൂട്ടുകയും ആൺ വീട്ടുകരുടെ ഭാഗത്തു നിന്നും കല്ല്യാണം കഴിക്കാൻ ഒരുങ്ങുന്ന പുരുഷനും അവനോടൊപ്പം അവന്റെ കൂട്ടുകാരും സുഹൃത്തുക്കളുമായ ഒരു പറ്റം ആളുകൾ വരികയും എന്നിട്ട് അവരെല്ലാം കൂടി പെണ്ണിനെ കാണുകയും പരസ്പരം അഭിപ്രായങ്ങൾ ആരാഞ്ഞ് കൂടിയാലോചിച്ച് പെണ്ണിനെ സ്വീകരിക്കണോ വേണ്ടയോ എന്ന് തീരുമാനമെടുക്കുന്ന സമ്പ്രദായം തീർത്തും നിഷിദ്ധവും വർജ്ജിക്കേണ്ടതുമാണ്. യഥാർത്ഥത്തിൽ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന പുരുഷന്റെ പിതാവിന് പോലും മകൻ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ത്രീയെ കാണാൻ പാടില്ലാത്തതാണ്.